സതീഷ്കുമാർ വധം

35 (60)ശ്രീ. എം. മുരളി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാടിന് സമീപം പള്ളിപ്പാട്ട് നീണ്ടൂർ കൊല്ലശ്ശേരി സതീഷ്കുമാർ എന്ന മദ്യവിരുദ്ധ പ്രവർത്തകനെ 1999 നവംബറിൽ കൊല ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സംഭവത്തിലെ പ്രതികൾ ആരെല്ലാമാണ്; അവർ ഏത് രാഷ്ട്രീയ കക്ഷിയുടെ പ്രവർത്തകരോ അനുഭാവികളോ ആണ്;

(സി) സതീഷ്കുമാറിനെ ഇതിന് മുമ്പ് മദ്യവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ ദേഹോപദ്രവം ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രതി ആരാണ്; ഇതു സംബന്ധിച്ച് കേസ്സെടുത്തിട്ടുണ്ടോ;

(ഡി) സതീഷ്കുമാറിനെ വധിച്ചത് പോലീസ് സേനാംഗങ്ങൾ നോക്കി നിൽക്കുമ്പോഴായിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(എഫ്) സതീഷ്കുമാറിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചോ; എങ്കിൽ മരണകാരണം എന്തെന്നു വെളിപ്പെടുത്തുമോ;

(ജി) സതീഷ്കുമാറിനെ വധിച്ചവരെ അറസ്റ്റു ചെയ്തുവോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) സതീഷ് കുമാർ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ട്.

(ബി) ഷാജി, S/o കരുണാകരൻ, രാമചന്ദ്രൻ, S/o പാപ്പച്ചൻ എന്നിവർ പ്രതികളാണ്.

(സി) മദ്യവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ ദോഹോപദ്രവം ഏൽപ്പിച്ചതായി ഒരു കേസ്സില്ല.

(ഡി)&(ഇ) പോലീസ് സേനാംഗങ്ങൾ നോക്കി നിൽക്കുമ്പോഴല്ല സതീഷ്കുമാർ മരണപ്പെട്ടത്.

(എഫ്) ഹൃദയസംബന്ധമായ അസുഖംമൂലമാണ് സതീഷ്കുമാർ മരിക്കാൻ ഇടയായിട്ടുള്ളതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

(ജി) സതീഷ്കുമാർ മരണപ്പെട്ടതുമായി ബന്ധപ്പെട്ട രജിസ്റ്റർചെയ്ത കേസ്സിലെ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

സതീഷ്കുമാർ വധത്തോടനുബന്ധിച്ച് കേസ്സ്

36 (64)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് പള്ളിപ്പുറത്ത് മദ്യവിരുദ്ധ പ്രവർത്തകനായ സതീഷ്കുമാറിനെ കൊലപ്പെടുത്തിയ സംഭവത്തിൽ ആദ്യം കേസ്സ് എടുത്തത്

LIBRARY ARCHIVES Kerala Legislative Assembly

ആർക്കൊക്കെ എതിരെ എന്നും ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് എന്നും അറിയിക്കുമോ;

(ബി) അതിന് മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സതീഷ്കുമാറിനെ ആക്രമിച്ച് പരിക്ക് ഏൽപ്പിച്ചസംഭവത്തിനു നേരത്തെ കേസ്സ് എടുത്തിരുന്നുവോ;

(ഡി) എങ്കിൽ ആർക്കൊക്കെയെതിരെയാണ് കേസ് എടുത്തിരുന്നത്;

(ഇ) ഈ കേസ്സിൽ എന്ത് നടപടിയാണ് പോലീസ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(എഫ്)ഈ കേസിൽ പ്രതികൾക്കെതിരെ നടപടികൾ സ്വീകരിച്ചി ല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കൊല്ലപ്പെട്ട സതീഷ്കുമാറിന് എതിരെ എന്തെങ്കിലും കേസ്സ് നിലവിലുണ്ടോ;

(എച്ച്) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഐ) സതീഷ്കുമാറിന്റെ പിതാവിനെതിരെ കേസ്സ് എടുക്കുവാൻ ഇട യായ സാഹചര്യം വെളിപ്പെടുത്തുമോ;

(ജെ) ഈ കേസ്സിൽ ആരെല്ലാമാണ് പ്രതികൾ; ഇവരിൽ ആരെ യൊക്കെ അറസ്റ്റ് ചെയ്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഷാജി, രാമചന്ദ്രൻ എന്നിവർക്കെതിരെ ഐ.പി.സി.302, 304 വകുപ്പുകൾ പ്രകാരം ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം.307/99 ആയി കേസ്സെടുത്തിരുന്നു.

(ബി) ഉണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയതിനെതുടർന്ന് 302 ഐ. പി.സി. പ്രകാരമുള്ള കുറ്റം നിലനിൽക്കുകയില്ലാത്തതിനാൽ 302 ഐ.പി.സി. കുറവ് ചെയ്ത് 304(11)34 ഐ.പി.സി. ഉൾപ്പെടുത്തി.

(സി) എടുത്തിരുന്നു.

(ഡി) മോഹനൻ, ശശി, രാജേന്ദ്രൻ, ഷാജി എന്നിവർക്കെതിരെ.

(ഇ)&(എഫ്) കേസ്സ് അന്വേഷണം നടത്തിവരുന്നു.

(ജി)&(എച്ച്) ഇല്ല.

(ഐ) സതീഷ്കുമാറിന്റെ പിതാവ് സദാശിവൻ, ശിവൻ, വിനോദ്, പ്രസന്നൻ, ഹരിദാസ് തുടങ്ങി 12-ഓളം പേർ ചേർന്ന് സൈക്കിളിൽ പോയ ഷാജിയെ മാരകായുധങ്ങൾകൊണ്ട് ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിലേ ക്കാണ് കേസ്സ് രജിസ്റ്റർ ചെയ്യാനിടയാക്കിയത്.

(ജെ) വിനോദ്, പ്രസന്നൻ, ഹരിദാസ്, സദാശിവൻ, സജീവ്, ബാബു എന്നിവരാണ് പ്രതികൾ. 4-ാം പ്രതിയായ സദാശിവനെ അറസ്റ്റു ചെയ്തിട്ടു മുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly